# *എഴുത്തിലെ പദദൂരവ്യവസ്ഥകളും ഭാഷാചാലകതന്ത്രത്തിലെ ചില അവസ്ഥകളും*

(ഭാഗം–5/5)

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* **D.Sc., Ph.D.**

Part-1: http://emalayalee.com/varthaFull.php?newsId=46327
Part-2: http://emalayalee.com/varthaFull.php?newsId=46514
Part-3: http://emalayalee.com/varthaFull.php?newsId=46733
Part-4: http://emalayalee.com/varthaFull.php?newsId=46840

## വിശേഷണം

ഇവ ഏഴുതരം (ഉദാഹരണങ്ങൾ വലയത്തിൽ): പേരെച്ചമായ *നാമാംഗജം* (*കറുത്ത* കർദ്ദിനാൾ, *കണ്ണീരിന്റെ* പുത്രി), വിനയെച്ചമായ *ക്രിയാംഗജം* (*വാചാലനായി* പറഞ്ഞു, *വേഗത്തിൽ* നടന്നു), അളവിനെ കാണിക്കുന്ന *പാരിമാണികം* ([ഒരു] *ഗ്യാലൻ* ഗ്യാസ്, *കുറച്ച്* പാൽ), ഗുണത്തെ കാണിക്കുന്ന *വിഭാവകം* (*വീരനായ* മേഘനാദൻ, *ശക്തനായ* ഭീമൻ), എണ്ണത്തെ കാണിക്കുന്ന *സാംഖ്യം* (*പത്തു* പറ, *ഒരു* ഡോളർ), സർവ്വനാമത്തിൽ അധിഷ്ഠിതമായ *സാർവ്വനാമികം* (*എല്ലാ* പുരുഷന്മാരും, *അ* ദേഹം – അദ്ദേഹം), ധാതുക്കൾ ചേർന്നുള്ള *ശുദ്ധം* (*തിരു*വാതിര – തിരു + ആതിര, *വാർ*ക്കൂന്തൽ). ഇവയിൽ ക്രിയാംഗജം ഒഴികെയെല്ലാം പൊതുവിൽ നാമങ്ങളെ വിശേഷിപ്പിക്കുന്നു. അതുകൊണ്ടാണ് *നാമാവിശേഷണം*, *ക്രിയാവിശേഷണം* എന്ന രണ്ടുപട്ടികയിൽ ഇവയെ ഉൾപ്പെടുത്താറുള്ളത്.

വിശേഷണം വിശേഷിപ്പിക്കുന്ന പദങ്ങൾ വിശേഷ്യങ്ങൾ. സന്ധിസമാസങ്ങളോടെ ലഘൂകരിക്കുന്നില്ലെങ്കിൽ വിശേഷണവിശേഷ്യങ്ങൾ വിട്ടെഴുതാറാണ് പതിവ് — *ശുദ്ധ*ങ്ങളും ചില *സാർവ്വനാമിക*ങ്ങളും ഒഴികെ.

## സന്ധിസമാസങ്ങൾ

സമാസിച്ചുണ്ടായതെല്ലാം സമസ്തപദങ്ങളാണ്. വാക്കുകളെല്ലാം ഏതെങ്കിലും ധാതുക്കൾ പദവ്യുൽപത്തിശാസ്ത്രപ്രകാരം കൂടിച്ചേർന്നാണ് ഉണ്ടായതെങ്കിലും, സമാസത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താറില്ല. സന്ധിസമാസങ്ങൾ, എഴുത്തിലെ അക്ഷരദുർവ്യയം ഒഴിവാക്കാനും, സംഗീതവും താളവും സംഭാഷണത്തിൽ സന്നിവേശിപ്പിക്കാനും, ഉച്ചാരണസൗകര്യം മുൻനിറുത്തിയുമുള്ള പൗരാണിക ഭാഷാചിന്തകരുടെ തലച്ചോറുശിശുക്കളാണ്. അടുപ്പിച്ചെഴുത്തും/അകറ്റിയെഴുത്തും ചർച്ചചെയ്യുന്ന അവസരത്തിൽ, വിഷയപരിപൂർണ്ണതയ്ക്കായി സന്ധിസമാസങ്ങളും

ഒഴിവാക്കാവതല്ല.  അതുകൊണ്ട് അവ ഓർക്കാനൊരവസരം നാമമാത്രപരാമർശമായി ഇതാ:

**സന്ധി** – സ്വരങ്ങളുടെ ചേരുവയാണ് സന്ധിയായി പരിണമിക്കുന്നത്.

(i) ലോപസന്ധി: ശ്രദ്ധിക്കാതെ + ഇരുന്നു =  ശ്രദ്ധിക്കാതെയിരുന്നു; (ii) ആഗമസന്ധി: മുറുകി + അയഞ്ഞു =  മുറുകിയയഞ്ഞു; (iii) ദ്വിത്വസന്ധി: നീല + കാവടി = നീലക്കാവടി; (iv) ആദേശസന്ധി: പെരും + കായം = പെരുങ്കായം.

**സമാസം** – (i) തൽപ്പുരുഷൻ: അക്ഷരധൂളി = അക്ഷരത്തിന്റെ ധൂളി (എല്ലാ വിഭക്തികളിലും ഉദാഹരണം കാണാം; ഇവിടെ സംബന്ധികാവിഭക്തി; വിശേഷണവിശേഷ്യങ്ങൾ കൂടിച്ചേർന്നിരിക്കുന്നു) (ii) ബഹുവ്രീഹി: സ്വപ്നസഞ്ചാരി = സ്വപ്നത്തിലൂടെ സഞ്ചരിക്കുന്നവനാരോ അവൻ (വിശേഷണഗുണമുള്ള വ്യക്തിവിശേഷത്തെ കാണിക്കുന്നു) (iii) ദ്വന്ദ്വൻ: സാഹിത്യകലകൾ = സാഹിത്യവും കലയും (രണ്ടുപദങ്ങൾക്കും തുല്യപ്രാധാന്യം).

വിഭക്തിയോടുള്ള വിരക്തിയാണ് സമാസമായി രൂപാന്തരപ്പെടുന്നത്.  ഒരു സമസ്തപദത്തിന്റെ ശരിയായ വിഗ്രഹനിർവ്വഹണം ഏറെ വിഷമമുള്ള കാര്യമാണ്; പ്രത്യേകിച്ചും, തൽപുരുഷന്റെ നാനാരൂപങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ. വിഗ്രഹകർമ്മം സുകരമാക്കാൻ ആരുംതന്നെ ഒരു ഒറ്റമൂലി ചൂണ്ടിക്കാണിച്ചിട്ടുമില്ല, ഇതുവരെ എന്റെയറിവിൽ.  ദ്രാവിഡത്തിൽ രണ്ടോ മൂന്നോ പദങ്ങൾചേർന്ന ചെറുസമാസങ്ങൾമാത്രമേ നടപ്പുള്ളു; എന്നാൽ സംസ്കൃതത്തിൽ സമാസം പദബാഹുല്യത്തോടെ കാണാം.
എന്തായാലും, സന്ധിസമാസങ്ങൾ ആരും വിട്ടെഴുതാറില്ല.

## മറ്റവസരങ്ങൾ

ഇല്ല, അല്ല, ഉണ്ട്, അത്, ഇത്, ആയി, ...: ഇവയെ പല *വാചക*വിഭാഗങ്ങളിലും ഉൾപ്പെടുത്താം (ദ്യോതകം, ക്രിയ, ...). ഈ വാക്കുകൾ വാക്യാവസാനമോ വാക്യത്തിന്നിടയിലോ വരാം; നാമങ്ങളോടോ ക്രിയകളോടോ വിശേഷണങ്ങളോടോ ചേരാം — മിക്കവാറും വിഭക്തിപ്രത്യയങ്ങൾക്കുശേഷം. സ്വരത്തിൽ തുടങ്ങുന്ന ഈ പദങ്ങൾ എപ്പോഴും ചേർത്തെഴുതുന്നു. ഉദാ: വളർച്ചയില്ല, അഭിപ്രായമുണ്ട്, പോകുന്നില്ല, ... (ഉണ്ട്, ഉണ്ടു എന്നിവയിലെ അർത്ഥഭേദം മറ്റൊരു വിഷയം).

## പദദൂരനിയമസംഹിത

ഇതുവരെ കണ്ട പ്രധാന പദദൂരസിദ്ധാന്തങ്ങൾ ക്രോഡീകരിക്കട്ടെ:

1. പൊതുവെ കൂട്ടിയെഴുതേണ്ട അവസരങ്ങൾ, അവശ്യം കൂട്ടിയെഴുതേണ്ട അവസരങ്ങൾ എന്നിങ്ങനെ വ്യവസ്ഥകളെ വേർതിരിക്കാം.  സംസ്കൃതക്കോയ്മയും

ദ്രാവിഡത്തനിമയും തമ്മിലുള്ള ഉടക്കൽ കൂട്ടിയെഴുതലിനെ ചിലപ്പോൾ നിയന്ത്രിച്ചേക്കാം.

2. വിഭക്തികൾ എപ്പോഴും ചേർത്തെഴുതണം.

3. ദ്യോതകങ്ങൾ എല്ലായ്പോഴും കൂട്ടിയെഴുതണം.

4. "ഉ"കാരത്തിൽ അവസാനിക്കുന്ന പദങ്ങൾ, സന്ദർഭമനുസരിച്ച് കൂട്ടിയോ അല്ലാതെയോ എഴുതേണ്ടിവരും.

5. പറ്റുവിനയ്ക്കുശേഷം വിനയെച്ചരൂപമനുസരിച്ച് ചേർത്തെഴുതേണ്ടിവരും, പ്രത്യേകിച്ചും പദ്യത്തിൽ. ഗദ്യത്തിൽ, മുറ്റുവിനയ്ക്കുശേഷം മിക്കവാറും വിട്ടെഴുതുന്നു.

6. രണ്ടാമത്തെ പദം സ്വരത്തിൽ ആരംഭിക്കുന്നെങ്കിൽ, അത് അഞ്ചക്ഷരങ്ങളിൽ താഴെയുള്ളതെങ്കിൽ, ആദ്യപദത്തിനുശേഷം വരുന്ന വിഭക്തി-ദ്യോതകങ്ങളുമായി കൂട്ടിച്ചേർക്കാവുന്നതാണ്.

7. സന്ധിസമാസങ്ങളുള്ളിടത്തും സമസ്തപദങ്ങൾ വരുന്നിടത്തും കൂട്ടിയെഴുത്ത് അനിവാര്യമാണ്.

## പ്രായോഗിക അഭ്യാസം

(**A**) താഴെയുള്ള വാക്യങ്ങളിലെ ഓരോ വാക്കിന്റെയും പദവ്യാകരണം അടയാളപ്പെടുത്തുക (ഭാഗം - 2 മാതൃകയ്ക്ക് നോക്കുക):

1. ഒരുവർഷംകൊണ്ട് അമ്പത്തഞ്ചുപേരിൽ ഒന്നാമനായി, ശ്രീധരൻ പരിശീലനം മുഴുപ്പിച്ചു. അവസാനക്ലാസ്സിനു രണ്ടുദിവസംമുമ്പ്, അയാൾ ഹേമലതയുമൊത്ത് ചുറ്റിക്കറങ്ങാൻ പോയി.

2. ഇത്തരം ആശയങ്ങൾക്ക് പ്രാധാന്യം കല്പിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ, ചെയ്തകർമ്മങ്ങൾക്ക് ഫലസിദ്ധി തേടാതെ പ്രവർത്തിക്കുന്നവർ തികച്ചും വിരളമായിരിക്കും.

3. പഠനശേഷക്രിയ: വായനയ്ക്കിടയിൽ കണ്ടെത്തുന്ന വാക്യങ്ങൾ പരിശീലനത്തിന്റെ ഭാഗമായി പദവ്യാകരണവിശകലനം ചെയ്യുക (വേണമെങ്കിൽ ഈ വാക്യവും ഉപയോഗിക്കാം).

(**B**) താഴത്തെ വാക്യങ്ങൾ പദദൂരസിദ്ധാന്തം അനുസരിച്ച് തിരുത്തുക:

1. സംഘടനാ പണം അപഹരിച്ചു എന്ന കേസ് ഔദ്യോഗികാ ഭാരവാഹിക്കു എതിരെ ഉണ്ടായി.

2. ഈചോദ്യങ്ങൾക്ക് ഉള്ള ഉത്തരം ആണ് പ്രബന്ധത്തിന്റെ ആദ്യ ഭാഗത്ത് ചർച്ച ചെയ്തിട്ട് ഉള്ളത്.

3. കൃത്യമായ ഒരുതെളിവില്ലാതെയും രേഖകളുടെപിൻബലമില്ലാതെയും ആരേയും തെറ്റുകാരാക്കാൻശ്രമിക്കരുത്.

# അവസാനവാക്ക്

അനാവശ്യ പദപ്രയോഗങ്ങളുടെ ഉന്മൂലനം വായനയുടെ തീക്ഷ്ണത കൂട്ടും. (വൃഥാസ്ഥൂലതയെന്ന) ദുർമ്മേദസ്സിനു ഭക്ഷണക്രമീകരണം (ഡയറ്റിങ്) നടത്തുന്ന സുന്ദരിയെപ്പോലെയാവണം, എഴുത്തിനുശേഷം രൂപാന്തരപ്പെടുന്ന എഴുത്തുകാരനി(രിയി)ലെ കൃതസംശോധകനാ(യാ)യ എഡിറ്റർ.

വാക്കുകളുടെ ശരിയായ പ്രയോഗമൊന്നും ഇവിടെ വിഷയമായിരുന്നില്ല; അതുപോലെ, സർഗ്ഗസാഹിത്യരചനയ്ക്കോ വൈജ്ഞാനികസാഹിത്യരചനയ്ക്കോ ആവശ്യമായ ഒറ്റമൂലിക തേടുന്നവർക്ക് ഒരു മരുന്നുകുറിപ്പുമായിരുന്നുമില്ലിത്. പദദൂരവ്യവസ്ഥകൾ മലയാളത്തിൽ അക്ഷരംപ്രതി പാലിക്കേണ്ട കാര്യമൊന്നുമില്ലെന്ന് കരുതുന്നവരുടെ കൂട്ടത്തിലാണ് നിങ്ങളെങ്കിൽ, മലയാളവ്യാകരണത്തെക്കുറിച്ച് വീണ്ടുംവിചാരം ചെയ്യാനുള്ള ഒരു അവസരവേദിയായി ഈ ലേഖനത്തെ കണ്ടാൽമതി! മറ്റുള്ളവർത്തീർത്ത അടിത്തറ ഇളകുന്നെന്ന് തോന്നിയതിനാൽ, അർത്ഥസംവേദനത്തിൽ അചിരേണ ഉണ്ടായേക്കാവുന്ന അസ്ഥിരതകളെ പുനർചിന്തനത്തിനു വിധേയമാക്കിയെന്നുമാത്രം!

ഭാഷയുടെ പരിമിതിയും ദൗർബ്ബല്യവും കാണിക്കാൻ ചില സർഗ്ഗകൃതികളിൽ നടപ്പുഭാഷയെത്തന്നെ വെല്ലുവിളിച്ച് പുതിയ ശൈലികളും പ്രയോഗങ്ങളും, കൂട്ടിയെഴുത്തും വിട്ടെഴുത്തും കണ്ടേക്കാം. അത് വേറെ തട്ടകം! എന്തായാലും, നല്ലഭാഷ എഴുതാനുള്ള (നല്ല ഭാഷഎഴുതാനുള്ള എന്നതിലെ മാറ്റം കാണുക) കുറിപ്പടിയല്ല ഈ ലേഖനം. ആ കഴിവ്, സ്വതസ്സിദ്ധിയിലും, വായനകൊണ്ടും പഠനംകൊണ്ടും നേടിയ പദസമ്പത്തിലും, വാക്കുകൾ തിരഞ്ഞെടുക്കുന്നതിലുള്ള ഔചിത്യത്തിലും ഉറഞ്ഞിരിക്കുന്നു — ജന്മവാസനയുണ്ടെങ്കിൽ എഴുത്തെന്ന ശക്തി വളർത്താമെന്നുമാത്രം. അതുപോലെ, വിട്ടെഴുത്തിന്റെ/അകറ്റിയെഴുത്തിന്റെ എല്ലാ സാഹചര്യങ്ങളും ഇവിടെ ചർച്ചചെയ്തെന്ന് ഉറപ്പായി വിശ്വസിക്കുന്നുമില്ല. എന്റെ കണ്ണുകൾ കൊയ്ത വിളവ് അളന്നെന്നുമാത്രം!

ഇത്തരം ലേഖനങ്ങൾ വായിക്കുമ്പോൾ ഇതിലെത്തന്നെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനുള്ള പ്രവണത തലപൊക്കാം. ആ പ്രക്രിയയ്ക്ക് ഈ ലേഖനം പ്രേരിപ്പിക്കുന്നെങ്കിൽ, അതിലുപരി ആനന്ദലബ്ധിക്കിനിയെന്തുവേണം! സ്വന്തം എഴുത്തിൽ ആ വീണ്ടുവിചാരം വിവേചനബുദ്ധിയോടെ ഉപയോഗിക്കാൻ നിങ്ങൾക്കു തോന്നിയാൽ/കഴിഞ്ഞാൽ അതിലും വലിയ ചാരിതാർത്ഥ്യം വേറെന്ത്?!

അവസാനിച്ചു